# എം. ടി രണ്ടക്ഷരങ്ങളല്ല





ഡി. ബാബു പോൾ ഐ.എ.എസ്

**'നാ**ലുകെട്ട്' പ്രകാശിതമാവുമ്പോൾ ഞാൻ സ്കൂളിൽ പഠിക്കയാണ്. അന്ന് ഫോർത്ത് ഫോം എന്നറിയപ്പെട്ടിരുന്ന ക്ലാസ്സിൽ. 1956-ലെ അവധിക്കാലത്ത് സിക്സ്തിലെ പബ്ലിക് പരീക്ഷ (എസ്.എസ്.എൽ.സി.) കഴിഞ്ഞ അവസ്ഥയിൽ സ്കൂൾ ലൈബ്രറിയിൽ ഞാൻ വായിക്കാതെ അവശേഷിച്ചിരുന്ന മലയാള കൃതികൾ- നിഘണ്ടുവും മഹാകാവ്യങ്ങളും ഒഴികെ- വായിച്ചുതീർത്തു. ഹെഡ്മാസ്റ്ററുടെ മകനും സ്കൂൾ വളപ്പിൽ പിറന്നവനും അധ്യാപകരുടെ വാത്സല്യഭാജനവും എന്ന നിലയ്ക്ക് കിട്ടിയ സൗജന്യമായിരുന്നു ഈ അവധിക്കാല വായനയുടെ പിന്നിൽ. അന്ന് 'നാലുകെട്ട്' വായിച്ചിട്ടുണ്ടാവണം. ബഷീറിന്റെ 'ശബ്ദങ്ങൾ' വായിച്ചതും അന്ന്. അല്പം എന്തോ ഒരു ഫൗൾ ഉണ്ട് എന്ന് തോന്നിയെങ്കിലും അതിന്റെ പ്രമേയവും ശില്പസമ്പ്രദായവും ഒന്നും ആ പ്രായത്തിൽ തിരിഞ്ഞില്ല. അച്ഛനും അമ്മയും അറിയാതെ ബൈബിളിലെ 'ഉത്തമഗീതം' വായിക്കുമായിരുന്നെങ്കിലും പൊതുവേ ഒരു നല്ല കുട്ടി ആയിരുന്നുവല്ലോ ഞാൻ.

എന്നെക്കുറിച്ചുതന്നെ ഇന്ന്- എന്നല്ല കുറെക്കാലമായി ഞാൻ തിരിച്ചറിയുന്ന ഒരു സംഗതി സുമിത്രയുടെ വാക്കുകളാണ്. ''സേതൂന് എന്നും ഒരാളോടേ ഇഷ്ടം ഉണ്ടായിരുന്നുള്ളു. സേതൂനോട് മാത്രം.'' എന്റെ ജീവിതം പരിശോധിക്കുമ്പോൾ എവിടെനിന്നോ മനസ്സിൽ തെളിഞ്ഞതാണ് ഈ വാക്യം. ഏകദേശം ഏഴ് സംവത്സരങ്ങൾ എന്നെ പ്രണയിച്ചിരുന്ന ആ 'കൊച്ച്' ഒരിക്കലും എന്നോട് ഇങ്ങനെ പറഞ്ഞില്ല. പ്രണയം തളിരിട്ട യു.സി. കോളേജിൽ വച്ചോ പിൽക്കാലത്ത് ഞാൻ എൻജിനീയറിംഗ് കോളേജിൽ അധ്യാപകനായിരിക്കേ എന്റെ ഇളയ പ്രായം വിവാഹത്തിന് തടസ്സമായപ്പോൾ അവളുടെ നിർബന്ധത്തിൽ- നിർദ്ദേശത്തിൽ - വഴിപിരിഞ്ഞപ്പോഴോ അയാൾ പറയാതിരുന്ന ആ വാക്യം കുറേ കൊല്ലങ്ങളായി, ജീവിതത്തെക്കുറിച്ച് ചിന്തിക്കുമ്പോഴൊക്കെ, ആത്മനിന്ദയോടെ ഞാൻ കേൾക്കുന്ന അശരീരിയാണ്. എം.ടി. എന്ന് കേൾക്കുമ്പോൾ എന്റെ കാതിൽ മുഴങ്ങുന്നത് സുമിത്രയുടെ വാക്കുകളാണ്. അത് അത്ഭുതലോകത്തിലെ രാജകുമാരിയെന്നല്ല, മൂന്ന് വ്യാഴവട്ടക്കാലം ഒപ്പം പൊറുത്ത സ്വർഗ്ഗസ്ഥപത്നിയും പറഞ്ഞില്ല. ഇപ്പോൾ ഒപ്പം ഉള്ളവരും പറയുന്നില്ല. എങ്കിലും അവർക്കൊക്കെ അങ്ങനെ പറയാം എന്ന് എനിക്ക് തോന്നുന്നത് എന്റെ ആധ്യാത്മിക വളർച്ചയുടെ തിരുശേഷിപ്പാകാം. എന്തായാലും അത് പ്രകടിപ്പിക്കുവാൻ ഒരു വാക്യം നിർമ്മിച്ചുനൽകിയത് എം.ടി.യാണ്. എന്റെ സ്വാർത്ഥത എന്നെ ബോധ്യപ്പെടുത്തിയ മഹർഷിയാണ് എം.ടി. എന്റെ ആധ്യാത്മിക ജീവിതത്തിലെ ഒരു വിളക്കുമാടം.

ഇത് ഒരു എഴുത്തുകാരന്റെ സർഗ്ഗപ്രതിഭയെ

അടയാളപ്പെടുത്തുന്നതാണ്. മനുഷ്യൻ എന്ന പദത്തിന്റെ സൗന്ദര്യത്തെക്കുറിച്ച് വാചാലനാകുന്ന ഗോർക്കിയെ പോലെ. ''അറിയാത്ത ദുഃഖങ്ങൾ ആരേയും വേദനിപ്പിക്കുന്നില്ല''എന്ന് മലയാളിയോട് പറഞ്ഞ മലയാറ്റൂർ രാമകൃഷ്ണനെപ്പോലെ. ദൈനംദിനം നാം ഉപയോഗിക്കുന്ന എത്രയോ പ്രയോഗങ്ങൾ സർഗ്ഗരചനകളിലൂടെ അവതരിപ്പിച്ച വിശ്വപ്രശസ്തരായ എഴുത്തുകാരെപ്പോലെ. സമാനമായ അനേകം സംഗതികൾ മഹദ് വചനങ്ങളിലൂടെ ഭാഷയിലെ ശൈലികളാക്കിയ ശ്രീയേശുവിനെ പോലെ.

ആൾക്കൂട്ടത്തിൽ തനിയേ നടക്കുന്ന കഥ എം.ടി. തന്നെ എഴുതിയിട്ടുണ്ടല്ലോ. അയൽക്കാരനെ അവഗണിക്കുന്ന ആൾക്കൂട്ടത്തിൽ നടന്നുനീങ്ങുമ്പോഴും സ്വന്തമായ ഒരു ഗാനം ചുണ്ടിൽ കാണും എന്നതാണ് എം.ടി.യെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. ഝില്ലീഝങ്കാരാദിബന്ധിതമായ സി.വി.യോ



ഗൗരവവും ഘനവും നിറഞ്ഞ കേശവദേവോ അല്ല എം.ടി. തകഴിയോടും മുട്ടത്ത് വർക്കിയോടും ആണ് എം.ടി.യുടെ ലോലവ്യക്തിത്വം- ഇത് അയ്യപ്പപ്പണിക്കരുടെ പ്രയോഗമാണ്- കൂടുതൽ ഇണങ്ങുന്നത്. മുട്ടത്തുവർക്കിയിൽ നിന്നും, ഒരളവോളം തകഴിയിൽ നിന്നും, എം.ടി.യെ വ്യതിരിക്തനാക്കുന്നതാകട്ടെ എം.ടി. നാലുകെട്ടിൽ ഒതുങ്ങാതെ വളർന്നു എന്നത് മാത്രമല്ല, ആ വളർച്ചയിൽ അനുവാചകരെയും ഒപ്പം കൂട്ടി എന്നതുകൂടിയാണ് എന്നും നിരീക്ഷിക്കേണ്ടതുണ്ട്. വിശ്വസാഹിത്യത്തിൽ തന്നെ അനതിസുലഭമാണ് ഇത്തരം മാതൃകകൾ എന്നാണ് അറിവുള്ളവർ പറഞ്ഞറിയുന്നത്. എഴുത്തുകാരൻ വളരുക, ഒപ്പം വായനക്കാരെ വളർത്തുക. 25 വയസ്സിൽ വായിച്ചതല്ല 75 വയസ്സിൽ വായിക്കുന്നത്. രണ്ടും എം.ടി. തന്നെ ആണുതാനും. ഈ പ്രതിഭ ജന്മസിദ്ധമാണ്. ഒരുതരം ജന്മവാസനയുടെ സ്ഫുരണം. പത്താം വയസ്സിൽ തന്നെ എഴുതണം എന്ന മോഹം ഉദിച്ചിരുന്നു എന്ന് എം.ടി. തന്നെ 'നോവലിസ്റ്റിന്റെ ശില്പശാല'യിൽ പറയുന്നുണ്ടല്ലോ. ജന്മവാസന ഫലപ്രാപ്തിയിൽ എത്തുന്നത് സംവേദനത്തിലുള്ള വൈദഗ്ധ്യം അതിനോട് ചേർന്നുവരുമ്പോഴാണ്. അതിനാകട്ടെ പരന്ന വായനയും സമൂഹത്തെ സദാ നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന അടയാക്കണ്ണുകളും പിൻബലമായി വേണം. ഒപ്പം ആത്മാർത്ഥതയും മനുഷ്യകഥാനുഗായിത്വവും ചേർന്നാലോ? ജ്ഞാനപീഠം കൂടല്ലൂരിലേക്ക് കുടിയേറും. അതാണ്, കാച്ചിക്കുറുക്കിപ്പറഞ്ഞാൽ എം.ടി.യുടെ സാഹിത്യജീവിതത്തിന്റെ സാരം. ''കിടന്നോളൂ സാർ'' എന്നും ''വിനു ഉറങ്ങിക്കോളൂ'' എന്നും നാലു വാക്കുകളിൽ വിശോത്തരമായ ഒരു പ്രണയകാവ്യം രചിക്കാൻ 'വാനപ്രസ്ഥ'ത്തിന്റെ കഥാകാരനേ കഴിയൂ.

തനിക്ക് വളരെ അടുത്തറിയാവുന്ന ഭൂമികയിലാണ് നാലുകെട്ടിന്റെ അടിത്തറ. കൂട്ടുകുടുംബത്തിന്റെയും തറവാടിന്റെയും സഹതാപശൂന്യമായ അന്തരീക്ഷത്തോടുള്ള ഒരു പ്രതികരണമാണ് ആ കൃതി എന്ന് നമുക്കറിയാം. നാലുകെട്ട് പൊളിക്കാൻ പറയുന്ന അപ്പുണ്ണി ആദ്യരംഗത്തിൽനിന്ന് വളരെ മുന്നോട്ടുപോയിട്ടുണ്ടെങ്കിലും അയാളുടെ ചിന്താപദ്ധതികളുടെ സ്വാഭാവിക പരിണാമമാണ് ഈ നിശ്ചയം എന്ന് വായനക്കാരന് തോന്നുന്നില്ല എന്നത് ആ കൃതിയുടെ ഒരു പോരായ്മയായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആ നിലപാട് 'നാലുകെട്ട്' എന്ന ആഖ്യായികയുടെ ദർശനത്തെ ദ്യോതിപ്പിക്കുന്നു എന്ന് പറയാവതല്ലേ? അമ്പതുകളുടെ ആദ്യപാതി. സ്വാതന്ത്ര്യത്തിന്റെ ആദ്യദശകം. നാലുകെട്ടുകളിലെ അന്ധകാരാവൃതമായ അന്തരീക്ഷം സമൂഹത്തിൽ സാവകാശം തിരിച്ചറിയപ്പെട്ടുതുടങ്ങിയിട്ട് നാളേറെ ആയിട്ടില്ല. അതിനോട് സാധാരണക്കാരന് പ്രതികരിക്കാനാവും എന്ന് തോന്നിത്തുടങ്ങിയ കാലം. നാരായണഗുരുവും അയ്യങ്കാളിയും സഹോദരനയ്യപ്പനും ഒക്കെ കുറച്ചുകൂടെ വെളിച്ചം ഉള്ള വീട് കെട്ടണം എന്ന് നേരത്തെ പറഞ്ഞിട്ടുണ്ട്. എന്നാൽ ഏതെങ്കിലും അപ്പുണ്ണി നിയമവിധേയമായ പ്രതികരണം എന്ന നിലയിൽ അതിനു മുമ്പ് ഈ ദർശനം അവതരിപ്പിച്ചിട്ടില്ല. പൊൻകുന്നം വർക്കിയുടെ തലമുറ കേശവന്റെ എതിർപ്പും രണ്ടിടങ്ങഴിയിലെ പ്രതിഷേധവും ഒക്കെ രേഖപ്പെടുത്തി. ശരി. എന്നാൽ അപ്പുണ്ണിയുടെ പ്രസ്താവന വ്യത്യസ്തമാണ്. സമൂഹം



പുരോഗതിക്കും ചുവടുമാറ്റത്തിനും സന്നദ്ധമായി എന്ന് പ്രഖ്യാപിക്കുകയാണ് ഈ കഥാപാത്രം.

ഇതിനോട് ചേർത്തുവായിക്കേണ്ട കഥയാണ് അസുരവിത്ത്. ആ കൃതിക്ക് ഏതെങ്കിലും പുരസ്കാരം കിട്ടിയിട്ടുണ്ടോ എന്ന് സംശയമാണ്. ഓർമ്മ വരുന്നില്ല. ഇന്ന് കേരള സമൂഹത്തിലും ഭാരത രാഷ്ട്രീയത്തിലും കാണുന്ന ഒരു പ്രതിഭാസം- അവനവന്റെ സ്വകാര്യ അജണ്ടകൾ നടപ്പിലാക്കാൻ സമൂഹത്തിൽ ഭിന്നത വിതയ്ക്കുന്ന ശേഖരൻ നായരെയും കുഞ്ഞഹമ്മദ് മുതലാളിയെയും അരനൂറ്റാണ്ടിനപ്പുറം തിരിച്ചറിയാനും അവതരിപ്പിക്കാനും കഴിഞ്ഞത് കവിയുടെ ക്രാന്തദർശിത്വം എന്ന ആ പറഞ്ഞുപഴകിയ മന്ത്രത്തിലെ സത്യമല്ലേ തെളിയിക്കുന്നത്? 'ഒരു യുവാവിന്റെ മാസ്റ്റർപീസ്' എന്നാണ് പഴയ തലമുറയിലെ നിരൂപകൻ കെ.അശോകൻ ഈ കൃതിയെ വിവരിച്ചിട്ടുള്ളത്.

ഓരോ കൃതിയെക്കുറിച്ചും- കഥ, തിരക്കഥ, നോവൽ, യാത്രാവിവരണം- ഓരോന്ന് പറയാൻ വകതരുന്ന യുഗപ്രഭാവനായ പ്രതിഭയാണ് എം.ടി. കവിതയിൽ ചങ്ങമ്പുഴ ചെയ്തതാണ് കഥാഖ്യാനത്തിൽ എം.ടി. ചെയ്തത് എന്ന് ഒറ്റവാക്യത്തിൽ പറഞ്ഞുനിർത്താം. സ്വന്തമായി ഒരു വഴി കണ്ടെത്തി ശില്പചാരുതയോടെ അത് നമുക്കു മുന്നിൽ തുറന്നിടുന്ന ആ കൃതഹസ്തതയും ലോലവ്യക്തിത്വം നിരീക്ഷിച്ചെടുക്കുന്ന ലോലമായ ഒരു ലോകത്തിന്റെ ചിത്രം സൃഷ്ടിക്കുന്ന ഹൃദയാഹ്ലാദവും ഓരോ കൃതിയെയും പ്രതിഭിന്നമാക്കുമ്പോഴും പറയാൻ ബാക്കിയുള്ള കഥകളുടെ കലവറ സൂക്ഷിപ്പുകാരനാണ് താൻ എന്ന് ഓരോ വായനക്കാരനെയും ബോധ്യപ്പെടുത്തുന്ന ജീനിയസ്, ഇതൊക്കെയും ഇതിലേറെയും ആണ് എം.ടി. വേഡ്സ്വർത്ത്, ഫ്രഞ്ച് വിപ്ലവത്തെക്കുറിച്ച് പറഞ്ഞതുപോലെ പറയട്ടെ ഞാൻ: എം.ടി. ജീവിച്ചിരിക്കുന്ന കേരളത്തിൽ ജീവിക്കാൻ കഴിയുന്നത് ഭാഗ്യം. എം.ടി.യെ നേരിട്ടറിയാൻ കഴിയുന്നത് സ്വർഗ്ഗം. എമ്മും ടി.യും ഇംഗ്ലീഷ് അക്ഷരമാലയിലെ രണ്ട് അക്ഷരങ്ങളാവാം. 'എം.ടി.' രണ്ട് അക്ഷരങ്ങളല്ല.